ഉത്തരം

(എ) ഇല്ല.

(ബി) കെ.ഇ.ആർ. അദ്ധ്യായം XXIII, റൂൾ 6 (4) ലെ വ്യവസ്ഥകൾ പ്രകാരം ആണ് സ്കൂളുകളിൽ കായികാദ്ധ്യാപകർ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത്. ഇതനുസരിച്ച് ഹൈസ്കൂൾ വിഭാഗത്തിൽ 5 പിരീഡ് ഉണ്ടെങ്കിൽ കായികാദ്ധ്യാപക തസ്തിക അനുവദിക്കാവുന്നതാണ്. യു.പി. സ്കൂളുകളിലോ ഹൈസ്കൂളിന്റെ ഭാഗമായ യു.പി. വിഭാഗത്തിലോ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപകതസ്തിക അനുവദിക്കുന്നതിന് കുറഞ്ഞത് 500 കുട്ടികളെങ്കിലും ഉണ്ടായിരിക്കണം.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 5, 7 ക്ലാസ്സുകളിലെ പഠന സഹായി തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. 6, 8 ക്ലാസ്സുകളിലെ പഠന സഹായി തയ്യാറാക്കി, അച്ചടി പുരോഗമിച്ചുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

ഐ.ഡി.എം.ഐ. പദ്ധതി

12 (5076) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നടപ്പാക്കുന്ന ഐ.ഡി.എം.ഐ. (ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഇൻ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ്) പദ്ധതി എന്നുമുതൽ സംസ്ഥാനത്ത് നടപ്പാക്കുന്നു; ഇതേവരെ എത്ര രൂപ ഇതിനായി സംസ്ഥാനത്തിന് അനുവദിച്ചു; ഏതൊക്കെ സ്ഥാപനങ്ങൾക്കായി എത്ര തുക വീതം ഓരോ വർഷവും അനുവദിച്ചു എന്ന് സ്ഥാപനങ്ങളുടെ പേരും വർഷവും തിരിച്ച് വ്യക്തമാക്കാമോ; ഓരോ വർഷവും എത്ര അപേക്ഷയാണ് ലഭിച്ചത് ;

(ബി) പ്രസ്തുത തുക എന്തൊക്കെ പദ്ധതികൾ നടപ്പാക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത് ; തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്ത് ; സംസ്ഥാനത്ത് ഈ തുകയുടെ വിതരണച്ചുമതല നിർവ്വഹിക്കുന്നത് ആരാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയപരിധി എത്ര ; പ്രസ്തുത സമയപരിധിക്കുള്ളിൽ എത്ര സ്ഥാപനങ്ങളാണ് പദ്ധതി നടപ്പാക്കിയൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് ; ഏതൊക്കെ സ്ഥാപനങ്ങൾ ; ബാക്കി സ്ഥാപനങ്ങളിൽ ചെലവഴിച്ചുക എത്ര വീതമെന്നും ബാക്കിതുക ചെലവഴിക്കാത്തതിന്റെ കാരണം എന്തെന്നും സ്ഥാപനങ്ങളുടെ പേരും സഹിതം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം ആദ്യഗഡു വാങ്ങിയിട്ടുള്ള സ്ഥാപനങ്ങളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങളിൽ പരിശോധനനടത്തി ; പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെ ; ആരാണ് പരിശോധന നടത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ഇ) ഫണ്ട് കൈപ്പറ്റിയിട്ടും പദ്ധതി നടപ്പാക്കാത്ത സ്ഥാപനങ്ങളുടെമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2009-10 വർഷം മുതൽ നടപ്പാക്കിവരുന്നു. സംസ്ഥാനത്തിന് ഇതുവരെ 30.47 കോടി രൂപ അനുവദിച്ചു. അനുവദിച്ച സ്ഥാപനം, തുക എന്നിവ സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.* ലഭിച്ച അപേക്ഷകളുടെ എണ്ണം വർഷം തിരിച്ച് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ബി) ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള ന്യൂനപക്ഷ വിഭാഗം നടത്തിവരുന്ന സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നു. ന്യൂനപക്ഷ സ്കൂളുകളിലെ മാനേജർമാർ നൽകുന്ന ബന്ധപ്പെട്ട രേഖകളോടുകൂടിയ അപേക്ഷ പ്രകാരം തുക അനുവദിക്കുന്നു. സംസ്ഥാനത്തെ തുകയുടെ വിതരണ ചുമതല പൊതുവിദ്യാഭ്യാസ ഡയറക്ടർക്കാണ്.

(സി) ഒരു വർഷമാണ് സമയപരിധി. വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) പി.ഡബ്ല്യു.ഡി. നിയോഗിച്ച എഞ്ചിനീയർ, എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ മാത്രമേ നടത്തിയിട്ടുള്ളൂ.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly